**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 437** **05-07-2024 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാക്ഷരതയിലും സ്കൂൾ വിദ്യാഭ്യാസരംഗത്തും സംസ്ഥാനം നിലനിർത്തുന്ന മികവ് ഉന്നതവിദ്യാഭ്യാസ മേഖലയിലും കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ സാമൂഹ്യനീതിയും ഗുണമേന്മയും കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് കേരളം പിന്തുടരുന്നത്. സർവ്വകലാശാല/ കോളേജ് തലങ്ങളിലെ വിദ്യാർത്ഥി പ്രവേശനത്തിൽ വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ആൾ ഇന്ത്യ ഹയർ എഡ്യുക്കേഷൻ സർവ്വേ പ്രകാരം 18 - 23 പ്രായപരിധിയിൽ വരുന്ന 13,04,445 വിദ്യാർത്ഥികളാണ് സംസ്ഥാനത്തെ സർവ്വകലാശാലകളിൽ എൻറോൾ ചെയ്തിട്ടുള്ളത്. 2021-22 കണക്ക് പ്രകാരം കേരളത്തിന്റെ GER 41.3% ആണ്. ഇത് ദേശീയ ശരാശരി ആയ 28.4 -നേക്കാൾ വളരെ കൂടുതലാണ്.<br><br>ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണമേന്മ അടയാളപ്പെടുത്തുന്ന അക്രഡിറ്റേഷനിലും, റാങ്കിംഗിലും കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉയർന്ന നിലവാരം പുലർത്തുന്നുണ്ട്. 2023 -ലെ എൻ.ഐ.ആർ.എഫ് റാങ്കിംഗിൽ സംസ്ഥാനത്തെ 4 സർവ്വകലാശാലകളും, 14 കോളേജുകളും ആദ്യത്തെ 100-ൽ സ്ഥാനം പിടിച്ചിട്ടുണ്ട്. ആർക്കിടെക്ചറൽ വിഭാഗത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (NIT), കോഴിക്കോട് രണ്ടാം റാങ്കും, കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരം 17-ാം റാങ്കും നേടിയിട്ടുണ്ട്. 2024-25 അദ്ധ്യയന വർഷം മുതൽ നാല് വർഷ ബിരുദ പദ്ധതി നടപ്പിലാക്കുന്നതു വഴി ബിരുദതലത്തിലെ കരിക്കുലവും സിലബസ്സും ആധുനികവും ദേശീയ അന്തർദ്ദേശീയ സ്ഥാപനങ്ങളുമായി താരതമ്യം ചെയ്യാൻ കഴിയുന്നവയായി മാറും. വിദേശ രാജ്യങ്ങളിലേതുപോലെ പൂർണ്ണമായും ക്രെഡിറ്റ് അടിസ്ഥാനമാക്കി ഓരോ വിദ്യാർത്ഥിക്കും സ്വന്തം അഭിരുചികളും ലക്ഷ്യങ്ങളും അനുസരിച്ച് അക്കാദമിക് |

അഡ്വൈസറുടെ സഹായ ത്തോടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാനും പ്രൊഫഷണൽ ലക്ഷ്യങ്ങൾക്ക് സഹായകരമാവുംവിധം വിവിധ വിഷയങ്ങളുടെ കോമ്പിനേഷൻ തെരഞ്ഞെടുത്ത് തന്റെ ബിരുദഘടന രൂപകല്പന ചെയ്യാനുള്ള തരത്തിലുമാണ് നാല് വർഷ ബിരുദതലത്തിലെ കരിക്കുലം രൂപകല്പന ചെയ്തിരിക്കുന്നത്.

കൂടാതെ സർവകലാശാലകളിൽ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ ലഭിക്കുവാനുതകും വിധം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & റോബോട്ടിക്സ്, നാനോസയൻസ്& നാനോടെക്നോളജി, എനർജി മെറ്റീരിയൽസ്, ഫുഡ് സയൻസ്, ഡേറ്റ അനലിറ്റിക്സ്, പോളിമർ സയൻസ്, ജെൻഡർ സ്റ്റഡീസ് മുതലായ നൂതന സാങ്കേതിക വിദ്യകളിലും, മാറി വരുന്ന വിദ്യാഭ്യാസസമ്പ്രദായങ്ങൾക്കനുസൃതമായതുമായ പുതിയ പഠനവകുപ്പുകളും അന്തർ ദേശീയ പഠനകേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്.

ഉന്നതവിദ്യാഭ്യാസത്തെ വ്യവസായ ആവശ്യങ്ങളോടും ആഗോള നിലവാര ത്തോടും കൂടുതൽ അടുപ്പിക്കുന്നതിനും, കൂടുതൽ ഗവേഷണ പദ്ധതികൾ ഏറ്റെടുക്കാനും ദേശീയ അന്തർദേശീയ സംഘടനകളുമായി സഹകരിക്കാനും സംസ്ഥാനത്തെ സർവകലാശാലകളെ പ്രോത്സാഹിപ്പിച്ചുവരുന്നു.

അസാപ്പ് വഴി നിരവധി നൈപുണ്യ വികസന കോഴ്സുകളും സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തുന്നുണ്ട്.

അതിവേഗം മാറുന്ന സാങ്കേതികരംഗത്ത് മികവ് പുലർത്താനും പഠനശേഷം ജോലി സമ്പാദിക്കുക എന്ന ലക്ഷ്യത്തിനപ്പുറം സംരംഭകരായിത്തീരുവാനും വിദ്യാർത്ഥി കളെ സജ്ജരാക്കുക എന്ന ലക്ഷ്യ ത്തോടെ അതിനൂതനവും വിദ്യാർത്ഥി കേന്ദ്രീകൃതവുമായ പരിഷ്കരിച്ച ബി.ടെക് പാഠ്യപദ്ധതിയ്ക്ക് എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവകലാശാല തുടക്ക മിട്ടുകയാണ്. വ്യവസായ സഹകരണം, പ്രോജക്ട് അടിസ്ഥാനമാക്കിയുള്ള പഠനം, സാമൂഹിക പ്രസക്തിയുള്ള പ്രോജക്ടുകൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് വഴി വിദ്യാർത്ഥികൾക്ക് അവർ തെരഞ്ഞെടുത്ത മേഖലകളിൽ മികവ് പുലർത്തുന്നതിന് ആവശ്യമായ കഴിവുകളും അറിവും വികസിപ്പിക്കാൻ ഈ പാഠ്യപദ്ധതി സഹായിക്കും. ഡിജിറ്റൽ ടൂളുകൾ, സംരംഭകത്വ വൈദഗ്ദ്ധ്യം, അന്താരാഷ്ട്ര മത്സരക്ഷമത എന്നിവയിൽ കൂടുതൽ ശ്രദ്ധ കൊടുക്കുന്ന, പരിഷ്കരിച്ച

| | | | |
|---|---|---|---|
| | | | ബി.ടെക്. സിലബസ് എൻജിനീയറിംഗ് വിദ്യാഭ്യാസത്തിൽ വിപ്ലവകരമായ മാറ്റം വരുത്തും. കേരള സ്റ്റാർട്ട്അപ് മിഷന്റെ പിന്തുണയോടെ സംരംഭകത്വം, ബൗദ്ധിക സ്വത്തവകാശം എന്നിവയെകുറിച്ച് കൂടുതൽ മനസിലാക്കുവാൻ ഉതകുന്ന കോഴ്സുകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ കോഴ്സുകളിലൂടെ വിദ്യാർത്ഥികളെ തൊഴിലന്വേഷകർ എന്നതിലുപരി തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ പ്രാപ്തിയുള്ളവരാക്കുക എന്നതാണ് ലക്ഷ്യം. ഇക്കാര്യം ഏകോപിപ്പിക്കുന്നതിനായി സർവകലാശാല ഒരു സ്റ്റാർട്ട്അപ് സെൽ രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഉന്നതവിദ്യാഭ്യാസ മേഖലയിൽ തുടർച്ചയായ നേട്ടങ്ങൾ കൈവരിക്കുന്നതിന് 2016 മുതൽ പിന്തുടരുന്ന വിദ്യാഭ്യാസ നയങ്ങൾ സഹായകമായിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ' എ ' - യിൽ മറുപടി നൽകിയിട്ടുണ്ട്. |
| (സി) | രാജ്യത്ത് ഉന്നതവിദ്യാഭ്യാസത്തിന് പ്രവേശനം നേടുന്നവരിലെ സ്ത്രീ-പുരുഷ അനുപാതത്തിൽ സംസ്ഥാനത്തിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | All India Higher Education Survey 2021-22 റിപ്പോർട്ട് പ്രകാരം കേരളത്തിലെ സർവ്വകലാശാല/ കോളേജുകളിൽ 18-23 പ്രായപരിധിയിൽ Gross Enrolment Ratio (GER) 41.3% ആണ് (ആൺ - 34.1, പെൺ - 49.0) എസ്.സി വിഭാഗത്തിൽ 28.3 ഉം (ആൺ - 20.4, പെൺ - 36.8) എസ്.ടി വിഭാഗത്തിൽ 28.9 ഉം ആണ് (ആൺ - 24.0, പെൺ - 33.8). Gender Parity Index (GPI) അനുസരിച്ച് കേരളത്തിൽ എല്ലാ വിഭാഗങ്ങളിലുമായി GPI 1.44 ആണ്. ഇത് എസ്.സി. വിഭാഗത്തിന് 1.80 ഉം എസ്.ടി വിഭാഗത്തിന് 1.41 ഉം ആണ്. |
| (ഡി) | സംസ്ഥാനത്തെ എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാക് അക്രഡിറ്റേഷൻ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | രാജ്യത്തെ സർവ്വകലാശാലകൾ പ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക് പ്രകടനം വർഷംതോറും വിലയിരുത്തുന്ന നാഷണൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (NAAC) -ന്റെ മാതൃകയിൽ സംസ്ഥാനതലത്തിൽ പ്രാദേശിക വൈവിദ്ധ്യങ്ങളുടെയും പ്രത്യേകത കളുടെയും അളവുകോലുകൾ കൂടി ഉൾപ്പെടുത്തി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വിലയിരുത്തിക്കൊണ്ട് ഗ്രേഡിംഗ് നൽകുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (SAAC) പ്രവർത്തിച്ചുവരുന്നു. NAAC -ൽ വിഭാവനം ചെയ്തിട്ടുള്ള 5 core values ന് പുറമേ Social Inclusiveness (Inclusive Education), Equity and Excellence, Scientific temper, and secular outlookഎന്നീ 3 core values -ന്റെ കൂടി |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ, സ്ഥാപനങ്ങളെ സംസ്ഥാനാധിഷ്ഠിത മാനദണ്ഡങ്ങൾ (State specific) കൂടി വിലയിരുത്തിയാണ് SAAC അസസ്സ്മെന്റും ഗ്രേഡിംഗും നൽകുന്നത്. ഇത് സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ ദേശീയ അന്തർദ്ദേശീയ അക്രഡിറ്റേഷന് സജ്ജമാക്കുന്നതിനുള്ള തയ്യാറെടുപ്പ കൾക്ക് ഉപകരിക്കും. സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകളും സർക്കാർ - എയ്ഡഡ് കോളേജുകളും സ്വയംഭരണ കോളേജുകളും സ്വാശ്രയ കോളേജുകളും SAAC -ന്റെ അവലോകന പരിധിയിൽ വരും. സംസ്ഥാനത്തെ കോളേജുകളുടെ അസസ്സ്മെൻറ്/ അക്രഡിറ്റേഷൻ നടപടി കൾക്കായുള്ള പ്രവർത്തനങ്ങൾ പുരോഗ മിച്ചുവരികയാണ്. കൂടാതെ, State Level Quality Assurance Cell (SLQAC) സ്ഥാപിച്ച് സ്ഥാപനതലത്തിൽ പ്രവർത്തി ക്കുന്ന IQAC കളുടെ ഏകോപനവും പരിശീലനവും സാധ്യമാക്കിയിട്ടുണ്ട്. ഇതിന്റെയെല്ലാം ഫലമായി 2 സർവ്വകലാശാലകൾക്ക് $A^{++}$ ഗ്രേഡും 3 സർവ്വകലാശകൾക്ക് $A^{+}$ ഗ്രേഡും നേടാനായി. 24 കോളേജുകൾ $A^{++}$ ഉം 43 കോളേജുകൾ $A^{+}$ ഉം 68 കോളേജുകൾ A ഗ്രേഡും കരസ്ഥമാക്കി. കരിക്കുലവും സിലബസും നവീകരിക്കുന്നതും കൂടുതൽ പ്ലേസ്മെന്റുകൾ നൽകുന്നതും ഗവേഷണ ത്തിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പി ക്കുന്നതും കൂടുതൽ സ്ഥാപനങ്ങൾക്ക് ഉയർന്ന ഗ്രേഡ് ലഭിയ്ക്കാൻ കാരണമാകും എന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ